(ഡി) കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ, കണ്ണൂർ, പാലക്കാട് എന്നീ ജില്ലകളിൽ നിന്നുമാണ് പ്രധാനമായും ശേഖരിക്കുന്നത്.

ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം

*13 [329] ശ്രീ. ടി. കെ. ബാലൻ:

" കോടിയേരി ബാലകൃഷ്ണൻ:

" റ്റി. പി. രാമകൃഷ്ണൻ:

" പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം എന്നാണ് ആരംഭിച്ചത് എന്നറിയിക്കാമോ;

(ബി) ഇതനുസരിച്ച് കേന്ദ്രപൂളിൽനിന്നും വിതരണം ചെയ്യുന്ന ഭക്ഷ്യ സാധാനങ്ങളുടെ വിലയിൽ വ്യത്യാസം വരുത്തിയിട്ടുണ്ടോ;

(സി) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ഭക്ഷ്യനയം, സംസ്ഥാനത്ത് നിലനിന്നിരുന്ന പൊതുവിതരണ സമ്പ്രദായത്തെ തകർക്കുന്ന തരത്തിലുള്ളതാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പൊതുവിതരണ സമ്പ്രദായം നിലനിർത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ):

(എ) കേന്ദ്ര സർക്കാർ നിർദ്ദേശിച്ച പ്രകാരം ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം കേരളത്തിൽ 1-6-1997 മുതൽ നടപ്പിലാക്കി.

(ബി) ഉണ്ട്.

(സി) പ്രതികൂലമായി ബാധിച്ചതായി ബോധ്യമായിട്ടുണ്ട്.

(ഡി) പൊതുവിതരണ സമ്പ്രദായം മെച്ചപ്പെടുത്തുന്നതിന് സർക്കാരിന്റെ പരിമിതികൾക്കകത്തുനിന്നുകൊണ്ട് ഒട്ടേറെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന 6389848 റേഷൻ കാർഡുകൾ കമ്പ്യൂട്ടർ സഹായത്തോടെ പുതുക്കി നൽകി. വീട്ടുനമ്പരില്ലാത്ത 2380 കുടുംബങ്ങൾക്ക് റേഷൻ കാർഡ് നൽകി. അന്ത്യോദയ അന്നയോജന പദ്ധതിയിൽ 119200 കുടുംബങ്ങളെ കൂടി അധികമായി ചേർത്തു. റേഷൻ വ്യാപാരി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള റേഷൻ വ്യാപാരികൾക്ക് നൽകുന്ന പെൻഷൻ 150 രൂപയിൽനിന്നും 500 രൂപയായി 2003 ഏപ്രിൽ മുതൽ വർദ്ധിപ്പിച്ചു നൽകി. ഉപഭോക്തൃ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി സെക്രട്ടേറിയറ്റിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പിൽ

LIBRARY ARCHIVES Kerala Legislative Assembly

ഒരു പ്രത്യേക വിംഗ് രൂപീകരിച്ചു. ഉപഭോക്തൃ ബോധവൽക്കരണ പരിപാടികൾ കൂടുതൽ കാര്യക്ഷമമാക്കി. ബി.പി.എൽ. കാർഡുടമകൾക്ക്, 1-1-2004 മുതൽ ബി.പി.എൽ. നിരക്കിൽ ഗോതമ്പ് ലഭ്യമാക്കി. റേഷൻകടകളിൽ സ്റ്റോക്കും വിലയും പ്രദർശിപ്പിക്കണമെന്ന നിർദ്ദേശവും എ.എ.വൈ., അന്നപൂർണ്ണ ഉപഭോക്താക്കളുടെ ലിസ്റ്റ് റേഷൻകടകളിൽ പ്രദർശിപ്പിക്കണമെന്ന നിർദ്ദേശവും കർശനമായി നടപ്പാക്കി. എഫ്.സി.ഐ.-യുമായി തുടർച്ചയായി ബന്ധം പുലർത്തിയും നിരന്തരം ജാഗ്രത പാലിച്ചും എല്ലാ ഡിപ്പോകളിലും എല്ലായ്പോഴും ആവശ്യാനുസരണമുള്ള ഭക്ഷ്യധാന്യങ്ങളുടെ ലഭ്യത, വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം എന്നിവ ഉറപ്പുവരുത്തി. അരിയുടെ ഗുണനിലവാരം ഉറപ്പാക്കി ബി.പി.എൽ. അരിയുടെ വിതരണം 100 ശതമാനമാക്കാൻ കഴിഞ്ഞു. എ.പി.എൽ., ബി.പി.എൽ. തരംതിരിവില്ലാതെ സാർവത്രിക റേഷനിംഗ് സമ്പ്രദായം പുനഃസ്ഥാപിക്കണമെന്ന് പുതിയ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

ഫോറസ്റ്റ് ഡവലപ്പ്മെന്റ് ഏജൻസികൾ

*14 [330] ശ്രീ. എം. മുരളി:

„ കെ. സി. വേണുഗോപാൽ:

„ കെ. മുഹമ്മദലി:

„ ഇ. എം. അഗസ്തി:

„ തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫോറസ്റ്റ് ഡവലപ്പ്മെന്റ് ഏജൻസികൾ പ്രവർത്തനം ആരംഭിച്ചതെന്നാണ്;

(ബി) ഇവയുടെ പ്രവർത്തനരീതി വിശദീകരിക്കുമോ;

(സി) പ്രവർത്തനത്തിനാവശ്യമായ തുക എവിടെനിന്നാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത്തരത്തിൽപ്പെട്ട എത്ര യൂണിറ്റുകൾ രൂപീകരിച്ചിട്ടുണ്ട്; ഇവയുടെ പ്രവർത്തനം കൊണ്ടുണ്ടായിട്ടുള്ള നേട്ടങ്ങൾ വിശദമാക്കാമോ?

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ):

(എ) സംസ്ഥാനത്ത് ഫോറസ്റ്റ് ഡവലപ്പ്മെന്റ് ഏജൻസികൾ 2002-2003 സാമ്പത്തിക വർഷം മുതൽ പ്രവർത്തിച്ചു തുടങ്ങി.

(ബി) ഒരു റവന്യൂ ജില്ലയിൽപ്പെടുന്ന വനം ഡിവിഷൻ അടിസ്ഥാനത്തിൽ ഫോറസ്റ്റ് ഡവലപ്പ്മെന്റ് ഏജൻസികൾ പ്രവർത്തിക്കുന്നു. കൺസർവേറ്റർ ചെയർമാനും, ബന്ധപ്പെട്ട ഡി.എഫ്.ഒ. ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമാണ്.

LIBRARY ARCHIVES Kerala Legislative Assembly